**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1384** 03/12/2018 -ൽ മറുപടിയ്ക്ക്

**കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വിതരണം ചെയ്ത എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകളിലെ അപാകതകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അനിൽ കുമാർ : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മലപ്പുറം ജില്ലകളിൽ ഈ വർഷം വിതരണം ചെയ്ത എസ്.എസ്. എൽ.സി സർട്ടിഫിക്കറ്റുകളിലെ അക്ഷരങ്ങളും, ഫോട്ടോയും മാസങ്ങൾക്കുള്ളിൽ മാഞ്ഞ് സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ഇതിനകം ലഭിച്ചു; വിവരം ലഭ്യമാക്കാമോ; | (എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ നിന്നും ആദിനാഥ്.എം.കെ, നിഹാൽ. വി.റ്റി എന്നിവരുടെ പരാതികളാണ് ലഭിച്ചിട്ടുള്ളത്. 26.11.2018 വരെ വിവിധ ജില്ലകളിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം ലഭിച്ച 34,550 സർട്ടിഫിക്കറ്റുകൾ റീപ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. |
| (ബി) ഏത് സ്ഥാപനമാണ് പ്രസ്തുത എസ്.എസ്.എൽ.സി ബുക്കുകൾ അച്ചടിച്ച് നൽകിയത്; അക്ഷരങ്ങൾ മാഞ്ഞ് പോകുന്നതിനുണ്ടായ കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) കേരള പരീക്ഷാഭവനാണ് എസ് എസ് എൽ സി സർട്ടിഫിക്കറ്റുകൾ അച്ചടിച്ച് നൽകിയത്. മൈക്രോ ലിംഗ്സ്, മുളവന, കുന്നുകുഴി പി.ഒ, തിരുവനന്തപുരം എന്ന സ്ഥാപനം വിതരണം ചെയ്ത ഗുണനിലവാരമില്ലാത്ത ടോണറുകൾ പ്രിന്റിംഗിനായി ഉപയോഗിച്ചതാണ് കാരണം എന്നു കണ്ടെത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; ഭാവിയിൽ | (സി) ഗുണനിലവാരമില്ലാത്ത ടോണറുകൾ വിതരണം ചെയ്ത മൈക്രോ |

| | | |
|---|---|---|
| | ഇത്തരം കാര്യങ്ങൾ സംഭവിക്കുവാതിരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | ലിംഗ്സ്, മുളവന, കുന്നുകുഴി പി.ഒ, തിരുവനന്തപുരം എന്ന സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.<br>എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഡിജി ലോക്കർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും, ഡിജിറ്റൽ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതും സംബന്ധിച്ച വിഷയവും പരിഗണനയിലുണ്ട്. |
| (ഡി) | ഉപയോഗ ശൂന്യമായ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സർട്ടിഫിക്കറ്റ് വിതരണം കഴിഞ്ഞ് ഏകദേശം രണ്ടു മാസം കഴിഞ്ഞപ്പോൾ തന്നെ സർട്ടിഫിക്കറ്റിലെ അക്ഷരങ്ങൾ മാഞ്ഞു പോകുന്നതായി ശ്രദ്ധയിൽപ്പെടുകയും ഉടൻ തന്നെ അത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ പ്രഥമാദ്ധ്യാപകർ വഴി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കുവാനും, ആയവ പരീക്ഷാഭവനിൽ എത്തിച്ച് റീപ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്ഷരങ്ങൾ മാഞ്ഞു പോകുന്ന സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുള്ള വിദ്യാഭ്യാസ ജില്ലകളിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ എത്തിക്കുകയും പകരം |

പുതിയ സർട്ടിഫിക്കറ്റുകൾ റീപ്രിന്റ് ചെയ്തു നൽകുകയും ചെയ്തു കഴിഞ്ഞു.

ഇനിയും 2018 ൽ വിതരണം ചെയ്ത അപാകതയുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ നിശ്ചിത ഫീസ് ഈടാക്കാതെയും, ഡ്യൂപ്ലിക്കേറ്റ് സീൽ പതിക്കാതെയും റീപ്രിന്റ് ചെയ്തു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ